(ഇ) വാമനപുരം ജലസേചന പദ്ധതിക്കുവേണ്ടി നിർമ്മിച്ച കോർട്ടേഴ്സുകളിൽ ജീവനക്കാർ താമസിക്കുന്നുണ്ട്. വാമനപുരം പദ്ധതി നിർത്തലാക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടില്ലാത്തതുകൊണ്ടും ഒരു ഡിവിഷൻ ആഫീസ് നിലനിർത്തിയിരിക്കുന്നതിനാലും സർക്കാരിന്റെ വസ്തുവകകൾ സൂക്ഷിക്കുന്നതാണ്. ബാക്കിയുണ്ടായിരുന്ന അധികം ജീവനക്കാരെ തസ്തിക നിർത്തലാക്കിയ കാരണത്താൽ ജലസേചന വകുപ്പിൽ തന്നെയുണ്ടായിരുന്ന വിവിധ ഓഫീസുകളിലെ ഒഴിവുകളിലേക്ക് മാറ്റി നിയമിച്ചുകൊണ്ടിരിക്കുകയാണ്.

പാലക്കാട് ജില്ലയിലെ പലകപ്പാണ്ടി പദ്ധതി

46 [209] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പദ്ധതി പൂർത്തിയാക്കിയാൽ എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയുമെന്നാണ് കരുതുന്നത്;

(ഡി) പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി തുക നീക്കിവച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്ര;

(ജി) പ്രസ്തുത പദ്ധതികൊണ്ട് എത്ര കർഷകർക്ക് പ്രയോജനം ലഭിക്കുമെന്ന് കണക്കെടുത്തിട്ടുണ്ടോ;

(എച്ച്) എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 450/2004/ജ.വി.വ. തീയതി 13-4-2004 പ്രകാരം 9.10 കോടി രൂപ ചിലവുവരുന്ന പലകപ്പാണ്ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 3500 ഹെക്ടർ സ്ഥലത്ത്.

(ഡി) ഒരു വർഷം കൊണ്ട്.

(ഇ ആന്റ് എഫ്) ഇപ്പോൾ തുക നീക്കിവച്ചിട്ടില്ല. ന്യൂസർവ്വീസ് പ്രൊസീഡിയർ അനുസരിച്ച് തുക കണ്ടെത്തുന്നതിനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്.

(എച്ച്) 114 കർഷക സമിതികളിലായി 2200-ൽ അധികം കർഷകർക്ക് പ്രയോജനം ലഭിക്കും.

2004 മേയ്, ജൂൺ മാസങ്ങളിലെ കാലവർഷക്കെടുതികൾ

47 [210] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
" സി. പി. മുഹമ്മദ്:
" എം. കെ. പോൾസൺ മാസ്റ്റർ:
" തേറമ്പിൽ രാമകൃഷ്ണൻ:
" ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മേയ്, ജൂൺ മാസങ്ങളിലുണ്ടായ കാലവർഷത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ കടലാക്രമണം ഉണ്ടായി;

(ബി) ഇതു മൂലം എത്ര വീടുകൾ പൂർണ്ണമായോ ഭാഗികമായോ നശിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) എത്രയിടങ്ങളിൽ പുതുതായി കടലാക്രമണമുണ്ടായി എന്നു വെളിപ്പെടുത്തുമോ;

(ഡി) കടലാക്രമണം തടയുന്നതിനു കെട്ടിയ കടൽഭിത്തികൾ എവിടെയൊക്കെ നശിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ല: കൊല്ലംകോട്, പൂവ്വാർ, കോവളം, കറുംപ്പള്ളിക്കര, പനത്തരക്കര, വലിയതുറ, വേളി പുതുക്കുറിച്ചി, പെരുമാതുറ, നയ്യംപള്ളി, ഓടയം, കാപ്പിൽ, ഇടവ.

കൊല്ലം ജില്ല: വലിയഴീക്കൽ, തറയിൽക്കടവ്, പെരുമ്പള്ളി, ആറാട്ടുപുഴ, വട്ടച്ചാൽ, മീൽക്കാമുക്ക്, പനീക്കര, തൃക്കുന്നപ്പുഴ, പതിശ്ശേരി,

ആലപ്പുഴ: നീർക്കുന്നം, വണ്ടാനം, തോട്ടപ്പള്ളി, വടക്കൽ, കാട്ടൂർ, കാഞ്ഞിരംചിറ, ഓമനപ്പുഴ, ചാപ്പക്കടവ്, ഒറ്റമനശ്ശേരി, മാരാരിക്കുളം.

എറണാകുളം: വൈപ്പിൻ ദ്വീപ്, ചെല്ലാനം ദ്വീപ്, കണ്ടർക്കാട്, ചെറുവക്കാട്, മലക്കപ്പാടി, ചെറിയകടവ്, മനശ്ശേരി, സ്വാതിബീച്ച് റോഡ്, ഫോർട്ട്കൊച്ചി, ഐ.എൻ.എസ്. ദ്രോണാചാര്യ, എളംകുന്നപ്പുഴ, പാപ, മാലിപ്പുറം, ഞാറക്കൽ, നായരമ്പലം, വലിയത്തുപറമ്പ്, പുത്തൻമണ്ഡപം, എടവനക്കാട്, കോഴിപ്പള്ളി, ചെറായി, പള്ളിപ്പുറം, മുനമ്പം.

തൃശ്ശൂർ: കൊടുങ്ങല്ലൂർ, ഏറിയാട്, അഴിക്കോട്, നാട്ടിക, ചാവക്കാട്, ചേറ്റുവ, വാടാനപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly